കേരള സർക്കാർ
പൊതുഭരണ (സ്ട്രിക്റ്റിലി കോൺഫിഡൻഷ്യൽ) വകുപ്പ്

നം. 397/എസ്.സി.1/2018/പൊ.ഭ.(എസ്.സി.)

തിരുവനന്തപുരം,
തീയതി : 06.06.2018

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & അഡീഷണൽ സെക്രട്ടറി.

17579

ശ്രീ. എ. എൻ. ജെ. പൊറിഞ്ചു
അറയ്ക്കൽ നെല്ലിശ്ശേരി വീട്, 4/497,
പള്ളിയങ്ങാടി, വലപ്പാട് പി. ഒ.,
തൃശൂർ - 680 567.

OFFICE OF THE DIRECTOR OF SOCIAL ...
08 JUN 2018

സർ,

വിഷയം:- പൊതുഭരണ വകുപ്പ് - വിവരാവകാശ നിയമം 2005 - മറുപടി നൽകുന്നത് സംബന്ധിച്ച്.

സൂചന:- 06.06.2018 തീയതിയിൽ വലപ്പാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 26.05.2018 തീയതിയിലെ A5-3643/2018 നമ്പർ കത്തു മുഖേന ഈ വകുപ്പിൽ ലഭിച്ച താങ്കളുടെ 21.05.2018 തീയതിയിലെ അപേക്ഷ.

സൂചനയിലെ അപേക്ഷയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. അപേക്ഷയിലെ കാര്യം സംബന്ധിച്ച വിവരം ഈ വകുപ്പിൽ ലഭ്യമല്ല എന്നറിയിക്കുന്നു. ആയത് സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ കാര്യാലയവുമായി ബന്ധപ്പെട്ടതായതിനാൽ അപേക്ഷയുടെ അസ്സൽ പ്രസ്തുത കാര്യാലയത്തിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് ലഭ്യമായ വിവരം താങ്കൾക്ക് നിശ്ചിത സമയപരിധിയ്ക്കുള്ളിൽ നേരിട്ട് നൽകുന്നതിലേയ്ക്കായി വിവരാവകാശ നിയമം 2005 വകുപ്പ് 6(3) പ്രകാരം കൈമാറിയിട്ടുണ്ടെന്ന വിവരം അറിയിക്കുന്നു. ഇക്കാര്യത്തിൽ തുടർ കത്തിടപാടുകൾ മേൽസൂചിപ്പിച്ച കാര്യാലയത്തിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ/അപ്പീൽ അധികാരി എന്നിവരുമായി നടത്തുവാൻ താൽപ്പര്യപ്പെടുന്നു.

<u>ഈ വകുപ്പിലെ അപ്പീൽ അധികാരി</u>

ശ്രീ. ആർ.ഗോപകുമാർ,
അപ്പീൽ അധികാരി & സ്പെഷൽ സെക്രട്ടറി, പൊതുഭരണ (എസ്.സി.) വകുപ്പ്,
ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം - 695 001 (ഫോൺ - 0471 2518222).

വിശ്വസ്തതയോടെ,

Mani B.V.S

ബി.വി.എസ്. മണി,
സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
അഡീഷണൽ സെക്രട്ടറി.
ഫോൺ : 0471 - 251 8006.

പകർപ്പ്

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം. (വിവരാവകാശ നിയമ പ്രകാരം ലഭ്യമായ വിവരം നേരിട്ട് നൽകുന്നതിന് അപേക്ഷയുടെ അസ്സൽ കൈമാറുന്നു.)

397/SCI/2018
6-6-2018

# വലപ്പാട് ഗ്രാമപഞ്ചായത്ത് ഓഫീസ്

*പി.ഒ വലപ്പാട് , തൃശ്ശൂർ.*   *പിൻ. 680 567*   **Ph.No. 0487-2391 226**

**e.mail:- valapadgp@rediffmail.com.**

N0:A5- 3643/2018 തിയ്യതി 26/05/2018

0 6 JUN 2018

പ്രേഷകൻ,

എസ്. പി. ഐ. ഒ & സെക്രട്ടറി,
വലപ്പാട് ഗ്രാമപഞ്ചായത്ത്.

സ്വീകർത്താവ്,

സംസ്ഥാന പൊതുവിവരാവകാശ ഓഫീസർ(എസ് പി ഐ ഒ)
ചീഫ്സെക്രട്ടറിയുടെ കാര്യാലയം,
സെക്രട്ടറിയേറ്റ്,
തിരുവനന്തപുരം-695001

സർ,

വിഷയം: വിവരാവകാശനിയമം 2005- അപേക്ഷയിൽമേൽ മറുപടി നൽകുന്നത് - സംബന്ധിച്ച്.

സൂചന: 23/05/2018 തിയ്യതിയിലെ ശ്രീ എ എൻ ജെ പൊറിഞ്ചു, അറക്കൽ നെല്ലിശ്ശേരി വീട് വലപ്പാട് പി ഒ എന്നിവരുടെ ( അപേക്ഷ നമ്പർ 111/18 തിയ്യതി 21/05/2018) അപേക്ഷ

മേൽ സൂചന പ്രകാരമുള്ള അപേക്ഷയിൽ ആവശ്യപ്പെട്ടിരിക്കുന്നതനുസരിച്ച് അങ്ങയുടെ ഓഫീസുമായി ബന്ധപ്പെട്ടിരിക്കുന്ന വിവരങ്ങൾക്കുള്ള മറുപടി അപേക്ഷകന് അയച്ചുകൊടുക്കുന്നതിനായി സമർപ്പിക്കുന്നു.

വലപ്പാട് ഗ്രാമപഞ്ചായത്ത് ഓഫീസ് Ph:2391226 ★ വലപ്പാട്-680 567 ★

വിശ്വസ്തതയോടെ

സുരേഷ് കെ ആർ
എസ്.പി.ഐ.ഒ& സെക്രട്ടറി

SURESH. K. R.
SECRETARY
VALAPAD GRAMA PANCHAYAT
P.O.VALAPAD,THRISSUR-680 567
PH:No: 0487 2391226
Mob: No: 9496046103

ഉള്ളടക്കം: ശ്രീ എ എൻ ജെ പൊറിഞ്ചുവിന്റെ അപേക്ഷ

പകർപ്പ് : ശ്രീ എ എൻ ജെ പൊറിഞ്ചു,
അറക്കൽ നെല്ലിശ്ശേരി വീട്, വലപ്പാട് പി ഒ

A5-3649
23/5/18

I AM A BIG 'O'

# എ.എൻ.ജെ. പൊറിഞ്ചു

അറക്കൽ നെല്ലിശ്ശേരി വീട്, 4/497 - പള്ളിയങ്ങാടി, വലപ്പാട്. പി.ഒ.
തൃശ്ശൂർ ജില്ല, കേരളം - 680 567, ഫോൺ : 949 732 0745

21-05-18

A.N.J. PORINCHU
Arakkal Nellissery House,
P.O. Valapad, Thrissur Dt.-680 567

നമ്പർ : 11118

തീയതി : 21 05 2018

സ്വീകർത്താവ്,

സംസ്ഥാന പൊതുവിവരാവകാശ ഓഫീസർ (എസ്.പി.ഐ.ഒ.)
ചീഫ് സെക്രട്ടറിയുടെ കാര്യാലയം,
സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം - 695 001.

മാഡം/സർ,

വിഷയം :- വിവരാവകാശനിയമം 2005 വകുപ്പ് 6(1) പ്രകാരം സമർപ്പിക്കുന്ന അപേക്ഷ.

സൂചന :- "ദയാവധത്തിന് അനുമതി : നടപടി വേഗത്തിലാക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ" എന്ന തലക്കെട്ടിൽ മലയാള മനോരമ 2018 മേയ് 19 ശനി, 13-ാം പേജിൽ പ്രസിദ്ധീകരിച്ച വാർത്ത (ആയതിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ ഫോട്ടോ കോപ്പി ഉള്ളടക്കം ചെയ്യുന്നു.)

1 അപേക്ഷിക്കുന്ന വിവരങ്ങൾ :-

a : "ഭിന്നലിംഗക്കാർക്കുള്ള ക്ഷേമപദ്ധതികളും മറ്റു പരിപാടികളും അറിയാൻ സാമൂഹികനീതി വകുപ്പ് ഡയറക്ടറോട് കമ്മീഷൻ നിർദ്ദേശിച്ചു" എന്ന് സൂചനയിൽ പറയുന്നുണ്ടല്ലോ ? ആയതിൻ പ്രകാരം

സംസ്ഥാന മനുഷ്യാവകാശ കമ്മീഷ
ൻ സാമൂഹിക നീതിവകുപ്പ് ഡയ
റക്ടർക്ക് പുറപ്പെടുവിച്ച നിർദ്ദേ
ശത്തിന്റെ സാക്ഷ്യപ്പെടുത്തിയ
പകർപ്പ് ലഭ്യമാക്കുവാൻ അപേ
ക്ഷ.

b: മുകളിൽ പറഞ്ഞ നിർദ്ദേശ
ത്തിന്റെ വെളിച്ചത്തിൽ സാമൂ
ഹിക നീതിവകുപ്പ് ഡയറക്ടർ സം
സ്ഥാന മനുഷ്യാവകാശ കമ്മീഷ
ന് നൽകിയ നടപടി അറിയിപ്പ്
റിപ്പോർട്ടുകളും മേൽ നട
പടികളും. മറ്റുനടപടികളു
ടേയും സാക്ഷ്യപ്പെടുത്തിയ പകർ
പ്പ് ലഭ്യമാക്കുവാൻ അപേക്ഷ.

2 അപേക്ഷാ ഫീസ് —
കേരള വിവരാവകാശ (ഫീസിന്റേ
യും ചെലവിന്റേയും ക്രമീകരണം)
ചട്ടങ്ങൾ 2006 വകുപ്പ് 4(4) പ്ര
കാരം ഫീസ് ഒഴിവാക്കപ്പെട്ട വ്യ
ക്തിയാണ് ഞാൻ, ആയതിന്റെ
തെളിവിലേക്ക് സെക്രട്ടറി, വല
പ്പാട് ഗ്രാമപഞ്ചായത്ത് ലഭ്യമാ
ക്കിയ സാക്ഷ്യപത്രം നമ്പർ ഒറ-
3129/2018 തിയ്യതി 04/05/2018
ഉള്ളടക്കം ചെയ്യുന്നു.

3 ഉപസംഹാരം, നന്ദി,

എന്ന്
വിശ്വസ്തതയോടെ

21/05/18

A.N.J. PORINCHU
Arakkal Nellissery House,
P.O. Valapad, Thrissur Dt.-680 567

ഉള്ളടക്കം
1. പത്രവാർത്ത
2. BPL സാക്ഷ്യപത്രം.

2018 മേയ് 19 ശനി

മലയാള മനോരമ

TCR വർത്തമാനം 13

# ദയാവധത്തിന് അപേക്ഷ: നടപടി അറിയിക്കണമെന്ന് മനുഷ്യാവകാശ കമ്മിഷൻ

തൃശൂർ ● ദയാവധം ആവശ്യപ്പെട്ടു ഭിന്നലിംഗ വ്യക്തി തൃപ്രയാർ സ്വദേശി സുജി നൽകിയ കത്തിന്മേൽ സ്വീകരിച്ച നടപടികൾ അറിയിക്കാൻ ജില്ലാ കലക്ടർക്കു സംസ്ഥാന മനുഷ്യാവകാശ കമ്മിഷൻ നിർദേശം.

ഭിന്നലിംഗക്കാർ നേരിടുന്ന വെല്ലുവിളികളാണു സുജിയുടെ അപേക്ഷയിൽ കാണുന്നതെന്നു കമ്മിഷൻ അംഗം കെ. മോഹൻകുമാർ ഉത്തരവിൽ പറഞ്ഞു.

ഭിന്നലിംഗക്കാർക്കുള്ള ക്ഷേമ പദ്ധതികളും മറ്റു പരിപാടികളും അറിയിക്കാൻ സാമൂഹിക നീതി വകുപ്പ് ഡയറക്ടറോടും കമ്മിഷൻ നിർദേശിച്ചു.

TRUE COPY
Self Attested
21-05-18
A.N.J. PORINCHU
Arakkal Nellissery House,
P.O.Valapad,Thrissur Dt.-680 567

# വലപ്പാട് ഗ്രാമപഞ്ചായത്ത് ഓഫീസ്

*പി.ഒ വലപ്പാട്, തൃശ്ശൂർ. പിൻ. 680 567* Ph.No. 0487-2391 226

e.mail:- valapadgptcr@gmail.com.


നം.എ7 -3129/2018

തിയ്യതി: 04/05/2018

## സാക്ഷ്യപത്രം

വലപ്പാട് ഗ്രാമപഞ്ചായത്ത് 4ാം വാർഡിലെ 497 നമ്പർ കെട്ടിടത്തിലെ സ്ഥിരതാമസക്കാരനായ അറക്കൽ നെല്ലിശ്ശേരി ജോസഫ് പൊറിഞ്ചു എന്നവർ ദാരിദ്രരേഖക്ക് താഴെയുള്ള കുടുംബാഗമാണെന്ന് വി.ഇ.ഒ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രം തിരുവനന്തപുരം ചീഫ് സെക്രട്ടറിയുടെ കാര്യാലയത്തിൽ സമർപ്പിക്കുന്നതിനു വേണ്ടി മാത്രമായി അനുവദിക്കുന്നു.

വലപ്പാട് ഗ്രാമപഞ്ചായത്ത് ഓഫീസ്
Ph:2391226
വലപ്പാട്-680 567

**സെക്രട്ടറി**
**വലപ്പാട് ഗ്രാമപഞ്ചായത്ത്**